കാണാൻ കഴിയും. ഇടയൻ എന്ന നിലയിൽ വികാരിയായി പ്രവർത്തിച്ചപ്പോളാണ് സംതൃപ്തിയും സന്തോഷവും കണ്ടെത്തിയതെന്ന് ഏറ്റുപറയുന്ന പിതാവ് ആട്ടിൻപറ്റത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതും അവരുടെ എല്ലാമായി തീരുന്നതുമായ ശൈലി സ്വയം സ്വീകരിച്ചിട്ടുള്ള ആളാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് വേണ്ടി സമയം കണ്ടെത്തുന്ന മാർ പണ്ടാരശ്ശേരി അവരോട് ചേർന്നുനിൽക്കാനും ആത്മബന്ധം സ്ഥാപിക്കാനും ശ്രമിക്കാറുണ്ട്.

ക്നാനായക്കാർ എവിടെയുണ്ടോ അവിടെയെല്ലാം തന്റെ കഴിവിനൊത്ത് അവരെ ചെന്നു കാണാനും ആത്മീയ ആവശ്യങ്ങൾ നടത്തികൊടുക്കാനും പിതാവ് ശ്രമിക്കാറുണ്ട്.

അതിരൂപത ശതാബ്ദി പരിപാടികൾ, ശതാബ്ദി വിദ്യാഭ്യാസഫണ്ട്, സ്നേഹവീട് പദ്ധതി എന്നിവയുടെ നടത്തിപ്പിനായി കൊച്ചു പിതാവ് അഹോരാത്രം വിശ്രമം മാറ്റിവച്ച് അദ്ധ്വാനിച്ചു. ആളുകളുമായി ഇടപഴകി ബന്ധങ്ങൾ സ്ഥാപിച്ച് ഈ പ്രസ്ഥാനങ്ങൾ വിജയിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുത്ത കാര്യങ്ങൾ, ബോധ്യമുള്ള കാര്യങ്ങൾ നടപ്പാക്കാൻ അദ്ദേഹം കാണിക്കുന്ന ജാഗ്രത പ്രശംസിക്കപ്പെടേണ്ടതാണ്. അതേസമയം എടുക്കുന്ന തീരുമാനങ്ങൾ ദൈവത്തിനും മനുഷ്യനും സംപ്രീതമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്.

"നല്ല ഇടയനായ യേശുവിന്റെ ജീവിതശൈലി സ്വീകരിച്ചുകൊണ്ട് നന്മയോട് പ്രതിപത്തിയുള്ളവനും വിവേകിയും നീതിനിഷ്ഠനും പുണ്യശീലനും ഞാൻ പഠിച്ചറിഞ്ഞ വചനത്തെ മുറുകെപ്പിടിക്കുന്നവനുമായി - ദൈവത്തിന് പ്രീതിജനകവും മനുഷ്യർക്ക് സ്വീകാര്യവുമായ ഈ സ്നേഹശുശ്രൂഷ ചെയ്യുവാൻ എനിക്കു കൃപലഭിക്കുവാൻ പ്രാർത്ഥിക്കണമെന്ന്" മാർ ജോസഫ് പണ്ടാരശ്ശേരിൽ തന്റെ മെത്രാനഭിഷേകവേളയിൽ വിശ്വാസി സമൂഹത്തിനോട് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹത്തിന്റെ "വിഷനും" "മിഷനും" വ്യക്തമാക്കപ്പെട്ടു. ക്നാനായക്കാർ ലോകത്ത് എവിടെയായിരുന്നാലും ബന്ധങ്ങൾ വേർപെടാതെ വിശ്വാസം കാത്തു സൂക്ഷിക്കുന്നതിന് അതിരൂപത മെത്രപ്പോലീത്തയോട് ചേർന്ന് ഇടയ ശുശ്രൂഷ ചെയ്യുന്നതിന് അദ്ദേഹത്തിന് സാധിക്കുമെന്നാണ് അതിരൂപതയിലെ ദൈവജനത്തിന്റെ പ്രതീക്ഷ.

പള്ളിയും പള്ളിക്കൂടവും വിമർശനങ്ങൾക്കു വിധേയമാകുമ്പോഴും മതങ്ങൾക്കു ആധ്യാത്മികത ചോർന്നു കൊണ്ടിരിക്കുമ്പോഴും ആഡംബരത്തിലും ആഘോഷത്തിലും ജീവിതതാളം തകിടം മറിയുമ്പോഴും യേശുവിനെപ്പോലെ ഒരു തിരഞ്ഞെടുക്കപ്പെട്ട ജനതയ്ക്ക് ആത്മീയദർശനവും ദൈവരാജ്യ മൂല്യങ്ങളുടെ ചൂടും വെളിച്ചവും പകരണമെന്ന് കൊച്ചുമെത്രാൻ ആഗ്രഹിക്കുന്നു. വേറിട്ടൊരു ഇടയശബ്ദം, വ്യത്യസ്തമായ നേതൃത്വശൈലി, അതിനായി ക്നാനായ മക്കൾ കാത്തിരിക്കുന്നു. അദ്ദേഹത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിലെ വിനയവും, ലാളിത്യവും ശാന്തതയും, അച്ചടക്കവും, സ്ഥിരോത്സാഹവും സുതാര്യതയും എല്ലാറ്റിനുപരി ദൈവഹിതം തിരിച്ചറിയാനുള്ള തീവ്രയജ്ഞവും തുടരുമെന്ന് പ്രതീക്ഷിക്കാം. ബന്ധങ്ങളുടെ ബലമുള്ള ജനതയുടെ പ്രാർത്ഥനയും സഹകരണവും അദ്ദേഹത്തിന് കൂട്ടിനുള്ളപ്പോൾ ഇടയവഴികൾ പ്രകാശപൂർണ്ണമാകും. മാർ ജോസഫ് പണ്ടാരശ്ശേരിയുടെ ഊഷ്മളവും ഹൃദ്യവും ആയ ഇടയ സാന്നിദ്ധ്യം നിലാവുപോലെ അനുഗ്രഹമായി ക്നാനായ മക്കളുടെ മേൽ വീശട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**-റവ. ഡോ. തോമസ് കോട്ടൂർ**

# റൈറ്റ് റവ. ഡോ. അബ്രഹാം വിരുത്തക്കുളങ്ങര



## ക്നാനായ സമുദായത്തിന്റെ അഭിമാന നക്ഷത്രം

ക്നാനായ സമുദായത്തിൽനിന്നും അതിരൂപതയ്ക്കുപുറത്ത് ആദ്യമായി മെത്രനായ മാർ വിരുത്തിക്കുളങ്ങര കല്ലറ പുത്തൻ പള്ളി ഇടവകയിലെ ലൂക്കോസ് ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1943 ജൂൺമാസം 5-ാം തീയതി ജനിച്ചു. ക[illegible] എൻ.എസ്.എസിൽ പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം മിഷനറിയാകണമെന്ന ആഗ്രഹത്തോടെ എസ്.വി.ഡി. സമൂഹത്തിൽ ചേർന്ന് ഇൻഡോർ രൂപതയ്ക്കുവേണ്ടി അദ്ദേഹം 1969 ഒക്ടോബർ 28-നു പുരോഹിതനായി. തുടക്കം മുതലേ തന്റെ വിളിക്കനുസരിച്ച് പൗരോഹിത്യധർമ്മം സ്തുത്യർഹമായ വിധത്തിൽ അനു

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ഷ്ഠിച്ചു കൊണ്ടിരുന്നപ്പോഴാണ് ഇൻഡോർ രൂപത വിഭജിച്ചു ഖാണ്ഡുവ രൂപതയുടെ മെത്രനായത്. 1977-ൽ 33-ത്തെ വയസ്സിൽ ഖാണ്ഡുവ രൂപതയുടെ ഇടയനായി ചുമതലയേറ്റപ്പോൾ അദ്ദേഹം ഇന്ത്യയിലെ 100-ാമത്തെ ബിഷപ്പും ഏഷ്യയിലെ ഏറ്റവും പ്രായംകുറഞ്ഞ ബേബി ബിഷപ്പും ആയി.

പിന്നീടുള്ള യാത്ര അത്ഭുതകരമായിരുന്നു. ഖാണ്ഡുവായുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു സർവ്വരെയും കൂട്ടിയിണക്കി നടത്തിയ പ്രയാണം ആണ് ഇന്നത്തെ ഖാണ്ഡുവാ രൂപതയുടെ വളർച്ചയ്ക്ക് കാരണം. ശാലീനതയും സൗഹൃദവും മുഖമുദ്രയാക്കി പരിഷ്കാരവും വിദ്യാഭ്യാസവും ഇല്ലാത്ത ഒരു ജനസമൂഹത്തിനിടയിൽ തദ്ദേശിയരും അല്ലാത്തവരുമായ വൈദികരുമൊത്തു ദൈവത്തിന്റെ സഭയെ പണിതുയർത്തി ഭാരതത്തിന്റെ ഹൃദയഭാഗത്തു സുവിശേഷം എത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചത് ഹൃദയത്തിൽ ദൈവം നിക്ഷേപിച്ച നന്മയെ നഷ്ടപ്പെടുത്താതെ വളർത്തിയത് കൊണ്ടാണ്. കൈവച്ച മേഖലയിലെല്ലാം മൗലികസംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞതു മാനവീയത സുവിശേഷ ദൈവശാസ്ത്രമാക്കിയതുകൊണ്ടാണ്. സൗഹൃദത്തിലൂടെ ദൈവമക്കളെ വിളക്കി ചേർക്കാൻ ഈ കൃശഗാത്രനു സാധിച്ചു. പ്രസാദാത്മകമായ വ്യക്തിത്വം, സൗഹൃദത്തിലുള്ള പെരുമാറ്റം, ജാടയോ, തലക്കനമോ ഇല്ലാത്ത പെരുമാറ്റശൈലി അനേകരെ അദ്ദേഹത്തിന്റെ ആരാധകരാക്കി. അതുകൊണ്ടു തന്നെ വളരെ ചെറുപ്പത്തിൽതന്നെ സമാനതകളില്ലാത്ത ഒരു മെത്രാനായി അദ്ദേഹം അറിയപ്പെട്ടു. മെത്രന്മാരെന്നനിലയിൽ പ്രശസ്തരും പ്രഗത്ഭരുമായവർ ഓരോ രൂപതയുടെയും നക്ഷത്രതിളക്കങ്ങളാണ്. എന്നാൽ ഒരു മെത്രാൻ എന്നതിനപ്പുറം സാമൂഹ്യ ജീവിതത്തിന്റെ വിവിധതലത്തിൽ വ്യക്തിമുദ്രപതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ഒരു സത്യമാണ്.

ബിഷപ്പ് അബ്രാഹത്തിന്റെ വ്യക്തിമാഹാത്മ്യം അദ്ദേഹത്തെ അനന്യനാക്കുന്നു. ലാളിത്യവും, വിനയവും അദ്ദേഹത്തിന്റെ ജന്മസിദ്ധമായ മുഖമുദ്രയാണ്. ചെറിയവരെന്നൊ വലിയവരെന്നോ വ്യത്യാസമില്ലാതെ എല്ലാവരോടും ഒരുപോലെ പെരുമാറാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. 'ശത്രുക്കളെ' മിത്രങ്ങളാക്കാനുള്ള അപൂർവ്വപാഠവം, 'എതിരാളികളെ' സ്വപക്ഷത്തുചേർത്തു നിർത്താനുള്ള കഴിവ്, തുറന്ന മനസ്സോടെ എല്ലാവരെയും ഉൾകൊള്ളാനുള്ള ആർജ്ജവത്വം അത്യപൂർവ്വമായി അദ്ദേഹത്തിൽ വിളങ്ങി നിന്നു. വൈദികരെ അടുത്തു നിർത്താനുള്ള കഴിവും, അവരെ പഠിപ്പിച്ച് വലിയവരാക്കണമെന്ന മോഹവും അവരുടെ പോരായ്മകൾക്കപ്പുറത്തുള്ള കാരുണ്യഭാവവും അദ്ദേഹത്തിന്റെ രൂപതാഭരണത്തിൽ ഏവരും ശ്രദ്ധിക്കുന്ന യാഥാർത്ഥ്യമാണ്. ദീർഘവീക്ഷണത്തിന്റെ കാര്യത്തിൽ അഗ്രഗണ്യനാണ ദ്ദേഹം. വിവേകബുദ്ധിയോടെ കാര്യങ്ങളെ തിരിച്ചറിയാനുള്ള പ്രാപ്തി അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ട് പല പ്രശ്നങ്ങളെയും ഒഴിവാക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആരുടെയും ക്ഷണം സ്വീകരിയ്ക്കും. ഓടിയെത്താവുന്നിടത്തൊക്കെ ഓടിയെത്തും. അടുത്തിരുന്ന് അടുത്തിരുത്തി, സൗഹൃദം തൂകും. സ്വന്തം വീട്ടിൽ വരുമ്പോഴായാലും വീട്ടുകാരെയെല്ലാം തന്റെ ചുറ്റുമിരുത്തും. നാട്ടുകാർക്കും പ്രിയങ്കരൻ. എത്രകൊച്ചു നന്മയെയും വ്യക്തികളെയും അഭിനന്ദിക്കുകയും ചെയ്യും. പിതൃസഹജമായ കരുതൽ മുഖത്തുനിന്ന് ഒപ്പിയെടുക്കാനാവും. അദ്ദേഹത്തിന്റെ ഡിക്ഷ്ണറിയിലില്ലാത്ത മൂന്നു പദമാണ് ജാടയും, പൊങ്ങച്ചവും, തലക്കനവും. ഇതിനെയൊക്കെ അതിശയിപ്പിക്കുന്ന കറകളഞ്ഞ മാനവികതാബോധം സർവ്വാലങ്കരമായി അദ്ദേഹത്തിൽ തിളങ്ങുന്നു.

ജീവിതദർശനമുള്ള മനുഷ്യനായതുകൊണ്ടും യുവജനങ്ങളോട് മമതയുള്ളതുകൊണ്ടും അദ്ദേഹത്തെ ഭാരതമെത്രാന്മാർ 1986-ൽ സി.ബി.സി.ഐ.യുടെ യൂത്ത് കമ്മീഷൻ ചെയർമാനാക്കി. 2008-ൽ ജീസസ് യൂത്തിന്റെ National eclesiastical adviser ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 2011 സെപ്റ്റംബർ 3-നു വീണ്ടും അദ്ദേഹം ആ സ്ഥാനത്തു തിരഞ്ഞെടുക്കപ്പെട്ടു. സെന്റ് ജോൺസ് മെഡിക്കൽ കോളജിന്റെ ഗവേർണിംഗ് ബോഡി മെമ്പർ കോർഡിനേറ്റർ ഓഫ് സോഷ്യൽ ആക്റ്റിവിറ്റീസ് ഇൻ, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ തുടങ്ങിയ നിരവധി സ്ഥാനമാനങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

ബിഷപ്പ് അബ്രാഹത്തിന്റെ നന്മയുടെയും സുവിശേഷ തീക്ഷണതയുടെയും ആഴം മനസ്സിലാക്കിയ തിരുസിംഹാസനം അദ്ദേഹത്തെ നാഗ്പൂർ ആർച്ച്ബിഷപ്പായി 1998-ൽ നിയമിച്ചു. പ്രായേണ പ്രതിസന്ധികൾ ഉണ്ടായിരുന്നിട്ടും അതിരൂപതയെ ക്രിയാത്മകതയുടെ ആൾരൂപമായിരുന്ന അദ്ദേഹം കുറഞ്ഞ നാൾകൊണ്ടു ഐക്യത്തിന്റെയും വളർച്ചയുടെയും പദവിയിലെത്തിച്ചു.

അർപ്പണ ബോധം, കഠിനാദ്ധ്വാനം, ആത്മവിശ്വാസം, ലാളിത്യം, പ്രായോഗികബുദ്ധി, സ്നേഹബന്ധങ്ങൾ, പിന്നെ ഒരിക്കലും കൈമോശം വരാത്ത സഭാസ്നേഹം, സുവിശേഷ പ്രതിബദ്ധത എന്നിവ അദ്ദേഹത്തെ വ്യത്യസ്തനാക്കി. ഔപചാരികതയില്ലാത്ത, വ്യവസ്ഥകൾക്കപ്പുറമുള്ള സ്വാതന്ത്ര്യത്തിന്റെ ജീവിതം ആസ്വദിച്ച വ്യക്തി, ജീവിതസ്നേഹി, ജനജീവിത പഠനങ്ങളിൽ ഒരു ജീനിയസ് മുഖം മൂടിയണിയാത്ത ഒരു വിശ്വാസി, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിഞ്ഞ ദരിദ്രർ, ആദിവാസികൾ തുടങ്ങിയവരെ മുഖ്യധാരാ സമൂഹത്തിന്റെ മുൻപന്തിയിലെത്തിക്കാൻ നൈപുണ്യമുള്ള വ്യക്തി എന്നിങ്ങനെയുള്ള ശൈലി പിതാവിന്റെ കർമ്മരംഗങ്ങളുടെ വ്യാപ്തി ഇന്നും വലുതാക്കികൊണ്ടിരിക്കുന്നു.

**-റവ. ഡോ. ലൂക്ക് പൂത്തൃക്കയിൽ**

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ